**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**

നവംബർ 2025

**പൊതുവിഷയം:**
**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് ഒമ്പത്

# ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ ദിവസമായ "ആ നാളിൽ" നമുക്ക് അവന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുവാൻ കഴിയേണ്ടതിന് പിതാവിന്റെ ഹിതം ചെയ്യുന്നു

RA *Hymns*: ML93

തിരുവെഴുത്ത്വായന: വെളി. 4:11; മത്താ. 7:21-23; കൊലൊ. 1:9

വെളി. 4:11 ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

മത്താ. 7:22 ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും.

മത്താ. 7:23 അപ്പോൾ ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല; അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ എന്നു പ്രഖ്യാപിക്കും.

കൊലൊ. 1:9 അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും,

I. **"ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു"—വെളി.** 4:11:

   A. ദൈവം ഉദ്ദേശ്യമുള്ള ദൈവമാണ്, തന്റെ സ്വന്തം പ്രസാദ പ്രകാരം ഒരു ഹിതമുള്ളവനാണ്:

1. തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനും നിവർത്തിക്കുന്നതിനുമായി അവൻ സകലതും സൃഷ്ടിച്ചു.
2. ദൈവത്തിന്റെ സാർവത്രിക ഭരണനിർവഹണത്തെ അനാവരണം ചെയ്യുന്ന വെളിപ്പാട് പുസ്തകം, ദൈവത്തിന്റെ ഉദ്ദേശ്യം നമുക്ക് കാണിച്ചുതരുന്നു.
3. അവന്റെ സൃഷ്ടിയെ സംബന്ധിച്ച് ഇരുപത്തിനാല് മൂപ്പന്മാർ ദൈവത്തെ സ്തുതിക്കുന്നതിൽ, അവന്റെ സൃഷ്ടി അവന്റെ ഹിതത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

B. ദൈവത്തിന്റെ ഹിതം ദൈവത്തിന്റെ ആഗ്രഹമാണ്; അത് അവൻ ചെയ്യുവാൻ ആഗ്രഹിക്കുന്നതാണ്—എഫെ. 1:9:

എഫെ. 1:9 — അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

1. ദൈവത്തിന്റെ സുപ്രസാദം അവന്റെ ഹിതത്തിൽ നിന്നാണ്, അത് അവന്റെ ഹിതത്തിൽ ദേഹരൂപം ചെയ്യുകയും ചെയ്യുന്നു, അതിനാൽ അവന്റെ ഹിതം ഒന്നാമത് വരുന്നു—വാ. 5.

   എഫെ. 1:5 — യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

2. ക്രിസ്തുവിലുള്ള തന്റെ വെളിപാടിലൂടെ, അതായത്, ക്രിസ്തുവിന്റെ ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗാരോഹണം എന്നിവയിലൂടെ ദൈവം തന്റെ ഹിതത്തിന്റെ മർമം നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു—വാ. 9; 3:9.

   എഫെ. 1:9 — അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

   എഫെ. 3:9 — സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

3. ദൈവം തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകല കാര്യങ്ങളും പ്രവർത്തിക്കുന്നു.
4. ദൈവത്തിന്റെ ഹിതം അവന്റെ ഉദ്ദേശ്യമാണ്, അവന്റെ ആലോചന അവന്റെ ഹിതം അല്ലെങ്കിൽ ഉദ്ദേശ്യം നിറവേറ്റാനുള്ള വഴിയെക്കുറിച്ചുള്ള അവന്റെ പരിഗണനയാണ്—1:11.

   എഫെ. 1:11 — തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

C. ദൈവഹിതം ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു, അത് ക്രിസ്തുവിനുവേണ്ടിയാണ്; ദൈവത്തിന്റെ ഹിതത്തിൽ ക്രിസ്തു എല്ലാമാണ്—കൊലൊ. 1:9:

കൊലൊ. 1:9 അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും,

1. 1:9-ൽ ദൈവത്തിന്റെ ഹിതം ക്രിസ്തുവിനെ സൂചിപ്പിക്കുന്നു; ദൈവവും മനുഷ്യനും പ്രപഞ്ചത്തിലെ എല്ലാ അനുലോമ കാര്യങ്ങളുടെയും യാഥാർഥ്യവുമായ സർവവും ഉൾക്കൊള്ളുന്ന, വിശാലനായ ക്രിസ്തുവിനെ നാം അറിയുകയും അനുഭവമാക്കുകയും ജീവിക്കുകയും ചെയ്യുന്നതിനോട് ബന്ധപ്പെട്ട് ദൈവഹിതം ഗഹനമാണ്—2:9, 16-17.

   കൊലൊ. 1:9 അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും,

   കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

   കൊലൊ. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

   കൊലൊ. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

2. ക്രിസ്തു സർവോൽകൃഷ്ടൻ, എല്ലാത്തിലും ഒന്നാം സ്ഥാനം വഹിക്കുന്നവൻ ആണ്—1:18.

   കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

3. സർവവും ഉൾക്കൊള്ളുന്ന, വിശാലനായ ക്രിസ്തു ദൈവത്തിന്റെ വ്യവസ്ഥയുടെ കേന്ദ്രീയതയും സാർവത്രികതയും, കേന്ദ്രവും ചുറ്റളവുമാണ്—വാ. 15-17; എഫെ. 1:10:

   കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

   കൊലൊ. 1:16 സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ വാഴ്ച്ചകളാകട്ടെ അധികാരങ്ങളാകട്ടെ, സകലവും അവനിലല്ലോ സൃഷ്ടിക്കപ്പെട്ടത്; സകലവും അവൻ മുഖാന്തരവും അവങ്കലേക്കും സൃഷ്ടിക്കപ്പെട്ടു.

   കൊലൊ. 1:17 അവൻ സകലത്തിനും മുമ്പേയുള്ളവൻ, സകലവും അവനിൽ സംസക്തമായിരിക്കുന്നു;

എഫെ. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

a. ദൈവത്തിന്റെ വ്യവസ്ഥയിൽ ക്രിസ്തു എല്ലാമാണ്; ദൈവം ക്രിസ്തുവിനെ—എല്ലാവരും എല്ലാവരിലും ആകുന്ന അത്ഭുതവാനും, സർവോൽകൃഷ്ഠനും, സർവവും ഉൾക്കൊള്ളുന്നവനുമായ—ക്രിസ്തുവിനെ മാത്രം ആഗ്രഹിക്കുന്നു—മത്താ. 17:5; കൊലൊ. 3:10-11

മത്താ. 17:5 അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ, പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

b. തന്റെ വ്യവസ്ഥയിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നാം ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരമായിത്തീരേണ്ടതിന്, നമ്മുടെ ജീവനും സകലവുമായി അത്ഭുതവാനും സർവവും ഉൾക്കൊള്ളുന്നവനും വിശാലനുമായ ക്രിസ്തുവിനെ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കുക എന്നതാണ്—1:27; 3:4, 10-11.

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു,

എല്ലാവരിലും ആകുന്നു.

4. ദൈവത്തിന്റെ ഹിതം സർവവും ഉൾക്കൊള്ളുന്ന, വിശാലനായ ക്രിസ്തു നമ്മുടെ ഓഹരിയായിരിക്കുക എന്നതാണ്—1:9, 12.

| | |
|---|---|
| കൊലൊ. 1:9 | അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും, |
| കൊലൊ. 1:12 | വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു; |

5. ദൈവഹിതം, നാം ക്രിസ്തുവിനെ അറിയുകയും, ക്രിസ്തുവിനെ അനുഭവമാക്കുകയും, ക്രിസ്തുവിനെ ആസ്വദിക്കുകയും, ക്രിസ്തുവിനാൽ സാന്ദ്രീകരിക്കപ്പെടുകയും, ക്രിസ്തു നമ്മുടെ വ്യക്തിയും ജീവനുമായി ഉണ്ടായിരിക്കുകയും ചെയ്യുന്നതാണ്—3:4, 11.

| | |
|---|---|
| കൊലൊ. 3:4 | നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. |
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. |

D. ദൈവഹിതം ക്രിസ്തുവിന്റെ ശരീരമായി സഭ ഉണ്ടായിരിക്കുക എന്നതാണ്—എഫെ. 1:9; കൊലൊ. 1:18; 2:19; 3:15:

| | |
|---|---|
| എഫെ. 1:9 | അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു, |
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. |
| കൊലൊ. 3:15 | ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ. |

1. ക്രിസ്തുവിന്റെ നിറവും ആവിഷ്കാരവും ആകേണ്ടതിന് അവന് ഒരു ശരീരം നേടുക എന്നതാണ് ദൈവത്തിന്റെ ഹിതം—റോമ. 12:2, 5; എഫെ. 1:5, 9, 11, 22-23; 4:16:

| | |
|---|---|
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |

| | |
|---|---|
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |
| എഫെ. 1:5 | യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു, |
| എഫെ. 1:9 | അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു, |
| എഫെ. 1:11 | തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു, |
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 1:23 | എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

a. ശരീരജീവിതം നയിക്കുക എന്നാൽ “ദൈവഹിതം എന്തെന്ന് തെളിയിക്കുന്നതാണ്”—റോമ. 12:2, 4-5.

| | |
|---|---|
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| റോമ. 12:4 | ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |

b. നാം സഭാജീവിതത്തിൽ പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ശരീരത്തിലെ ശരിയായ അവയവങ്ങളാണെങ്കിൽ, നാം ദൈവഹിതത്തിലുള്ള വ്യക്തികളായിരിക്കും—1 കൊരി. 1:1-2; എഫെ. 1:1; 5:17; റോമ. 12:2, 4-5.

| | |
|---|---|
| 1 കൊരി. 1:1 | ദൈവഹിതത്താൽ യേശു ക്രിസ്തുവിന്റെ വിളിക്കപ്പെട്ട അപ്പൊസ്തലനായ പൗലൊസും, സഹോദരനായ സോസ്ഥനേസും, |
| 1 കൊരി. 1:2 | കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു |

| | |
|---|---|
| | യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്: |
| എഫെ. 1:1 | ദൈവഹിതത്താൽ ക്രിസ്തു യേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്, എഫെസൊസിലുള്ള വിശുദ്ധന്മാരും ക്രിസ്തു യേശുവിൽ വിശ്വസ്തരും ആയവർക്ക് എഴുതുന്നത്: |
| എഫെ. 5:17 | അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ. |
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| റോമ. 12:4 | ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |

2. സഭ ക്രിസ്തുവിന്റെ ശരീരമാണ്, അത് ത്രിയേക ദൈവത്താലും അവന്റെ തിരഞ്ഞെടുക്കപ്പെടുകയും വീണ്ടെടുക്കപ്പെടുകയും ചെയ്തവരാലും സംരചിക്കപ്പെട്ട ഒരു അസ്തിത്വമാണ്—എഫെ. 1:22-23; 4:4-6.

| | |
|---|---|
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 1:23 | എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. |
| എഫെ. 4:4 | ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ; |
| എഫെ. 4:5 | കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്; |
| എഫെ. 4:6 | എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ. |

3. ക്രിസ്തു ശരീരത്തിന്റെ തലയാണ്, നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളാണ്—കൊലൊ. 1:18; 2:19; എഫെ. 4:15-16:

| | |
|---|---|
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും |

ആകുന്നു;

കൊലൊ. 2:19 — തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

എഫെ. 4:15 — സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 — അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

a. ശരീരത്തിൽ ജീവിക്കുക എന്നാൽ തലയ്ക്കു കീഴിൽ അവയവങ്ങളോടൊപ്പം സംഘാതമായി ജീവിക്കുക എന്നാണ്—വാ. 15; കൊലൊ. 2:19.

എഫെ. 4:15 — സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

കൊലൊ. 2:19 — തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

b. ശരീരജീവിതം നയിക്കണമെങ്കിൽ, നാം തലയ്ക്കു കീഴിലായിരിക്കുകയും, തലയെ നമ്മുടെ ജീവനായും, മുഖ്യ ലക്ഷ്യമായും, നമ്മുടെ മുഴുവൻ ആളത്തത്തിന്റെയും കേന്ദ്രമായും എടുക്കുകയും വേണം—1:18; 2:19.

കൊലൊ. 1:18 — അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

കൊലൊ. 2:19 — തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

4. ശരീരം ദൈവത്തിന്റെ വളർച്ചയാൽ വളരുന്നു; ശരീരത്തിന്റെ വളർച്ച നമ്മുടെ ഉള്ളിലെ ദൈവത്തിന്റെ വളർച്ചയെയും, ദൈവത്തിന്റെ കൂട്ടിച്ചേർക്കപ്പെടലിനെയും, ദൈവത്തിന്റെ വർദ്ധനവിനെയും ആശ്രയിച്ചിരിക്കുന്നു—വാ. 19; എഫെ. 4:16.

| | |
|---|---|
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

E. പിതാവിന്റെ ഹിതം ചെയ്യുന്നവൻ കർത്താവായ യേശുവിന്റെ ബന്ധുവാണ്—മത്താ. 12:50:

| | |
|---|---|
| മത്താ. 12:50 | സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. |

1. സ്വർഗീയ രാജാവായ ക്രിസ്തു, ദൈവഹിതം തന്റെ ഓഹരിയായി എടുത്ത് ഒന്നും എതിർക്കാതെ എപ്പോഴും പിതാവിന്റെ ഹിതത്തിന് കീഴ്പെട്ടിരുന്നു—11:28-30; 26:39.

| | |
|---|---|
| മത്താ. 11:28 | അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും. |
| മത്താ. 11:29 | ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. |
| മത്താ. 11:30 | എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു. |
| മത്താ. 26:39 | പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു. |

2. പിതാവിന്റെ ഹിതം ചെയ്യുന്നവൻ കർത്താവായ യേശുവിനെ സഹായിക്കുന്ന ഒരു സഹോദരനും, അവനോട് സഹതപിക്കുന്ന ഒരു സഹോദരിയും, അവനെ ആർദ്രമായി സ്നേഹിക്കുന്ന ഒരു അമ്മയുമാണ്.

F. രാജ്യം തികച്ചും ദൈവഹിതത്തിന്റെ വിഷയമാണ്, അത് പൂർണമായും ദൈവഹിതം നിറവേറ്റുന്നു; വാസ്തവത്തിൽ, രാജ്യം ദൈവത്തിന്റെ ഹിതമാണ്—6:10:

| | |
|---|---|
| മത്താ. 6:10 | നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ. |

1. സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ ആത്യന്തിക ഫലം സ്വർഗീയ പിതാവിന്റെ ഹിതമാണ്—7:21

   | | |
   |---|---|
   | മത്താ. 7:21 | എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും. |

2. രാജ്യജനമെന്ന നിലയിൽ, നാം ദൈവഹിതം ചെയ്യുവാൻ ഭൂമിയിലായിരിക്കുന്നു—12:50.

   | | |
   |---|---|
   | മത്താ. 12:50 | സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. |

G. പിതാവിന്റെ ഹിതം സ്വർഗത്തിലെന്നപോലെ ഭൂമിയിലും ആകണമെന്ന് രാജ്യജനം പ്രാർഥിക്കണം; ഇത് സ്വർഗരാജ്യം ഭൂമിയിലേക്ക് കൊണ്ടുവരുന്നതാണ്—6:10.

| | |
|---|---|
| മത്താ. 6:10 | നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ. |

**II. "എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും"—7:21:**

A. കർത്താവിനെ വിളിച്ചപേക്ഷിക്കുന്നത് രക്ഷിക്കപ്പെടുവാൻ പര്യാപ്തമാക്കുന്നു, എന്നാൽ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കണമെങ്കിൽ, നാം സ്വർഗീയ പിതാവിന്റെ ഹിതവും ചെയ്യേണ്ടതുണ്ട്—റോമ. 10:13; 12:2; മത്താ. 12:50; എഫെ. 5:17; കൊലൊ. 1:9.

| | |
|---|---|
| റോമ. 10:13 | "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും." |
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| മത്താ. 12:50 | സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. |
| എഫെ. 5:17 | അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ. |
| കൊലൊ. 1:9 | അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും, |

B. സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യേണ്ടതുള്ളതിനാൽ, അത് വീണ്ടുംജനനത്തിലൂടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിൽനിന്ന് തീർത്തും വ്യത്യസ്തമാണ്—യോഹ. 3:3, 5.

| | |
|---|---|
| യോഹ. 3:3 | യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 3:5 | യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. |

C. സ്വർഗരാജ്യത്തിലേക്കുള്ള പ്രവേശനം ദിവ്യ ജീവനെ ജീവിക്കുന്നതിലൂടെയാണ് ലഭിക്കുന്നത്—1:12-13; 3:5-6; മത്താ. 7:21; 12:50.

| | |
|---|---|
| യോഹ. 1:12 | എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി, |
| യോഹ. 1:13 | അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്. |
| യോഹ. 3:5 | യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. |
| യോഹ. 3:6 | ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു. |
| മത്താ. 7:21 | എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും. |
| മത്താ. 12:50 | സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. |

D. കർത്താവായ യേശു തന്റെ നാമത്തിൽ പ്രവചിക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തവരെ ശാസിച്ചു, കാരണം “അധർമത്തിന്റെ വേലക്കാർ” എന്ന നിലയിൽ ദൈവഹിതത്തോടുള്ള അനുസരണത്തിൽനിന്നല്ല, തങ്ങളിൽനിന്നത്രേ അവർ ഈ കാര്യങ്ങൾ ചെയ്തത്—7:22-23:

| | |
|---|---|
| മത്താ. 7:22 | ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും. |
| മത്താ. 7:23 | അപ്പോൾ ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല; അധർമത്തിന്റെ വേലക്കാരേ, എന്നെ |

വിട്ടുപോകുവിൻ എന്നു പ്രഖ്യാപിക്കും.

1. പ്രപഞ്ചത്തിൽ രണ്ട് തത്ത്വങ്ങളുണ്ട്—ദൈവത്തിന്റെ അധികാരത്തിന്റെ തത്ത്വവും സാത്താന്റെ മത്സരത്തിന്റെ തത്ത്വവും—പ്രവൃ. 1:7; യെശ. 14:13-14.

| | |
|---|---|
| പ്രവൃ. 1:7 | എന്നാൽ അവൻ അവരോട്, പിതാവ് തന്റെ സ്വന്ത അധികാരത്താൽ വച്ചിരിക്കുന്ന സമയങ്ങളോ കാലങ്ങളോ നിങ്ങൾക്ക് അറിയുവാനുള്ളതല്ല. |
| യെശ. 14:13 | "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; |
| യെശ. 14:14 | ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. |

2. ഒരു വശത്ത് ദൈവത്തെ സേവിക്കുവാനും മറുവശത്ത് മത്സരത്തിന്റെ വഴി എടുക്കുവാനും നമുക്ക് കഴിയില്ല.
3. നാം അധർമ്മത്തിന്റെ തത്ത്വത്തിൽനിന്ന് പിന്തിരിയുകയും മത്സരത്തിന്റെ വഴി തിരസ്കരിക്കുകയും വേണം—മത്താ. 28:18; യൂദാ 11.

| | |
|---|---|
| മത്താ. 28:18 | യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. |
| യൂദാ. 1:11 | അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ പോകുകയും, പ്രതിഫലത്തിനായി ബിലെയാമിന്റെ തെറ്റിലേക്ക് പായുകയും, കോരഹിന്റെ മത്സരത്തിൽ നശിക്കുകയും ചെയ്തു. |

4. ദൈവത്തെ സേവിക്കുന്നത് അവന്റെ അധികാരവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.
5. അധികാരത്തിന്റെ കാര്യത്തിൽ നാം തീർപ്പുവരുത്തിയില്ലെങ്കിൽ, നമ്മുടെ സേവനത്തിന്റെ എല്ലാ മേഖലകളിലും നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകും.

E. ദൈവത്തിന്റെ അധികാരത്തിനും പിതാവിന്റെ ഹിതത്തിനും കീഴ്പെടുന്നതിന്റെ തത്വത്തിൽ കർത്താവ് നമ്മുടെ സേവനം കാക്കട്ടെ—പ്രവൃ. 1:7; മത്താ. 7:21; 12:50.

| | |
|---|---|
| പ്രവൃ. 1:7 | എന്നാൽ അവൻ അവരോട്, പിതാവ് തന്റെ സ്വന്ത അധികാരത്താൽ വച്ചിരിക്കുന്ന സമയങ്ങളോ കാലങ്ങളോ നിങ്ങൾക്ക് അറിയുവാനുള്ളതല്ല. |
| മത്താ. 7:21 | എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും. |
| മത്താ. 12:50 | സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും |

അമ്മയും ആകുന്നു.

**ശുശ്രൂഷയിൽ നിന്നുള്ളഉദ്ധരണികൾ:**

**രാജ്യജനത്തിന്റെ ജീവിതത്തിന്റെയും വേലയുടെയും അടിത്തറയെ സംബന്ധിച്ച്**

## സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന്റെ നിബന്ധന

***കർത്താവിന്റെ നാമത്തിൽ അനേകർ പ്രവചിക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും, നിരവധി വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നുവെങ്കിലും, സ്വർഗീയ പിതാവിന്റെ ഹിതപ്രകാരമല്ല***

വാക്യം 22 പറയുന്നു, "ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും." "ആ നാളിൽ" എന്നത് ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ ദിവസത്തെ പരാമർശിക്കുന്നു (1 കൊരി. 3:13; 4:5; 2 കൊരി. 5:10). ന്യായവിധി ദിവസം, എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കുമ്പോൾ, അവർ അവന്റെ നാമത്തിൽ പ്രവചിച്ചുവെന്നും, ഭൂതങ്ങളെ പുറത്താക്കിയെന്നും, വീര്യപ്രവൃത്തികൾ ചെയ്തുവെന്നും കർത്താവിനോടു പറയുമെങ്കിലും കർത്താവ് അവരെ തിരസ്കരിക്കും.

### *3. കർത്താവ് അവരെ അംഗീകരിക്കാതെ അവരെ അധർമത്തിന്റെ വേലക്കാരായി കണക്കാക്കുന്നു*

വാക്യം 23 പറയുന്നു, "അപ്പോൾ ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല; അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ എന്നു പ്രഖ്യാപിക്കും." "അറിഞ്ഞിരുന്നില്ല" എന്നത് "അംഗീകരിച്ചിരുന്നില്ല" എന്നാണ് അർഥമാക്കുന്നത്. റോമർ 7:15-ൽ ഇതേ യവനപദത്തെ "അനുവദിക്കുന്നില്ല" എന്ന് കിംഗ് ജയിംസ് ഭാഷ്യത്തിൽ വിവർത്തനം ചെയ്തിരിക്കുന്നു. ഈ വാക്യത്തിൽ പൗലൊസ് പറയുന്നു, "ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അനുവദിക്കുന്നില്ല." കർത്താവിന്റെ നാമത്തിൽ പ്രവചിക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും, നിരവധി വീര്യപ്രവൃത്തികൾ ചെയ്യുകയും, എന്നാൽ സ്വർഗീയ പിതാവിന്റെ ഹിതപ്രകാരം ചെയ്യാതെയുമിരുന്നവരെയാണ് കർത്താവ് ഒരിക്കലും അംഗീകരിക്കാതിരുന്നത് (വാ. 21). അവർ ഈ കാര്യങ്ങൾ ചെയ്തു എന്നത് കർത്താവു നിഷേധിച്ചില്ല, എന്നാൽ അവ ചെയ്യപ്പെട്ടത് സ്വർഗീയ പിതാവിന്റെ ഹിതത്തിനൊത്തവണ്ണം അല്ലാത്തതുകൊണ്ട് ആ കാര്യങ്ങളെ അധർമമെന്ന് അവൻ പരിഗണിച്ചു. ദിവ്യ ഹിതത്തിനൊത്തവണ്ണമല്ല അവ ചെയ്യപ്പെട്ടിരുന്നത്. കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നിങ്ങൾ എന്റെ നാമത്തിൽ പ്രവചിക്കുകയും, എന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, എന്റെ നാമത്തിൽ നിരവധി വീര്യപ്രവൃത്തികൾ

ചെയ്യുകയും ചെയ്തു. എന്നാൽ അവ ചെയ്യുവാൻ ഞാൻ നിങ്ങളെ ഒരിക്കലും അനുവദിച്ചിരുന്നില്ല. നിങ്ങൾ ഇവയെല്ലാം അധർമത്തിന്റെ മാർഗത്തിൽ ചെയ്തതുകൊണ്ട് ഞാൻ നിങ്ങളെ ഒരിക്കലും അംഗീകരിച്ചിട്ടില്ല. നിങ്ങളിൽത്തന്നെയും, നിങ്ങളുടെ സ്വന്തം ആഗ്രഹത്തിലും, എന്റെ പിതാവിന്റെ ഹിതത്തിനനുസരിച്ചല്ല, നിങ്ങളുടെ സ്വന്തം ഇംഗിതത്തിനനുസരിച്ചും നിങ്ങൾ അവ ചെയ്തു." അങ്ങനെ, കർത്താവിന്റെ നാമത്തിലാണെങ്കിൽപോലും, ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നവർ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല, മറിച്ച് കർത്താവിൽനിന്നും വിട്ടുപോകും; അതായത്, വരുന്ന യുഗത്തിൽ രാജ്യത്തിന്റെ പ്രത്യക്ഷതയിൽനിന്നും അവർ തിരസ്കരിക്കപ്പെടും.

ഇവിടെ കർത്താവിന്റെ വാക്കിൽനിന്നും നാം കാണുന്നത് ചില വേലകൾ കർത്താവിന്റെ നാമത്തിൽ ചെയ്യാമെങ്കിലും, അത് ദൈവഹിതപ്രകാരം ആയിരിക്കണമെന്നില്ല എന്നാണ്. നിങ്ങൾ ഇത്തരം വേല ചെയ്യുകയാണോ, അതോ നിങ്ങൾ ദൈവത്തിന്റെ ഹിതം ചെയ്യുകയാണോ? ക്യാമ്പസുകളിൽ പോകുന്നതിനെക്കുറിച്ച് നാം വളരെയേറെ പറഞ്ഞിട്ടുണ്ട്, എന്നാൽ അവിടെ ഒരു വേല ചെയ്യാനാണോ നാം പോകുന്നത്, അതോ നമ്മുടെ സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യാനോ? യുവ സഹോദരീ സഹോദരന്മാരേ, ഈ ചോദ്യത്തിന് നിങ്ങൾ എങ്ങനെ ഉത്തരം പറയും? സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യാനാണോ നിങ്ങൾ ക്യാമ്പസുകളിൽ പോകുന്നത്? നാം ചെയ്യുന്ന എന്തിലും, നാം സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുന്നു എന്ന ഉറപ്പ് നമുക്കുണ്ടായിരിക്കണം. അല്ലെങ്കിൽ, "അധർമത്തിന്റെ വേലക്കാരേ" എന്ന് കർത്താവായ യേശു നമ്മോടു പറയും. കർത്താവിന്റെ നാമത്തിൽ പ്രവചിക്കുന്നതുപോലും, പിതാവിന്റെ ഹിതമനസരിച്ചല്ലെങ്കിൽ, അത് ഒരു തരത്തിലുള്ള അധർമമാണ്. കൂടാതെ, ദൈവത്തിന്റെ ഹിതപ്രകാരമല്ലാതെ, കർത്താവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതും കർത്താവിന്റെ നാമത്തിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നതും, സ്വർഗീയ രാജാവിന്റെ ദൃഷ്ടിയിൽ അധർമമായി കണക്കാക്കപ്പെടുന്നു.

ഏത് ഓട്ടമത്സരത്തിലും ഓടുന്നവർ ശരിയായ വരികളിൽ ഓടണം. നിങ്ങൾ മറ്റുള്ളവരെക്കാൾ കൂടുതൽ വേഗത്തിൽ ഓടിയെങ്കിലും, നിങ്ങളുടെ വരിയുടെ വരകൾക്ക് പുറത്ത് നിങ്ങൾ ഓടുന്നുവെങ്കിൽ നിങ്ങളുടെ ഓട്ടം അംഗീകരിക്കപ്പെടുകയില്ല. പകരം, അത്തരത്തിലുള്ള ഓട്ടം അധർമമായി പരിഗണിക്കപ്പെടും. വരകൾക്കിടയിൽ നിങ്ങൾ ഓട്ടം ഓടണം, അതായത്, ഞെരുക്കമുള്ള വഴിയിൽ നിങ്ങൾ ഓടണം. ഇന്ന് നിരവധി ക്രിസ്തീയ വേലക്കാരുടെ വേല സ്വർഗീയ വരകളാൽ നിയന്ത്രിക്കപ്പെട്ടതല്ല. അവരുടെ സ്വന്തം കണ്ണുകളിൽ കർത്താവിന്റെ നാമത്തിലും കർത്താവിനു വേണ്ടിയും അവർ ഒത്തിരി കാര്യങ്ങൾ ചെയ്തിരിക്കുന്നു. എന്നാൽ കർത്താവിന്റെ ദൃഷ്ടിയിൽ അവരുടെ വേല ഒരു തരത്തിലുള്ള അതിക്രമം, സ്വർഗീയ വരകളുടെ ഒരു ലംഘനം ആണ്. തന്മൂലം, അവരുടെ വേല അധർമമാണ്.

7:21-23-ലുള്ള കർത്താവിന്റെ വാക്ക്, നാം പ്രവചിക്കുന്നതിനുവേണ്ടിയോ, ഭൂതങ്ങളെ പുറത്താക്കുന്നതിനുവേണ്ടിയോ, വീര്യപ്രവൃത്തികൾക്കു വേണ്ടിയോ മാത്രം കരുതരുത് എന്നതിന്, നമുക്കെല്ലാവർക്കുമുള്ള ശക്തമായ ഒരു മുന്നറിയിപ്പിന്റെ വാക്കാണ്. നാം സ്വർഗീയ വരകളെ കരുതണം. സ്വർഗീയ ഓട്ടക്കളത്തിലെ ഓട്ടക്കാരനെന്ന നിലയിൽ നിങ്ങൾ വരകൾ അതിക്രമിക്കുന്നുവെങ്കിൽ, അയോഗ്യനാക്കപ്പെടും. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഞെരുക്കമുള്ള വരകളുള്ളതിനാൽ നമ്മുടെ ഓട്ടത്തിൽ നാം ഞെരുക്കപ്പെടണം. വരകൾക്ക് പുറത്തല്ല, അവയ്ക്കിടയിൽ നാം ഓടുന്നുവെങ്കിൽ നാം കർത്താവിനാൽ അംഗീകരിക്കപ്പെടും.

സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ പരിണതി നമ്മെ ഇടുക്കമുള്ള കവാടത്തിലുടെ ഞെരുക്കമുള്ള വഴിയിലേക്കു നടത്തുന്നതാണെന്ന് ഞാൻ വീണ്ടും പറയുന്നു. നാം ഇപ്പോൾ ഈ ഞെരുക്കമുള്ള വഴിയിൽ ഓടിക്കൊണ്ടിരിക്കുന്നു. പ്രവചിക്കുന്നതിനോ, ഭൂതങ്ങളെ പുറത്താക്കുന്നതിനോ, വീര്യപ്രവൃത്തികൾ ചെയ്യുന്നതിനോവേണ്ടി നാം കരുതരുത്. പകരം, നമ്മുടെ സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുന്നതിനുവേണ്ടി മാത്രം നാം കരുതണം. പിതാവിന്റെ ഹിതം എങ്ങനെ അറിയുവാൻ കഴിയുമെന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകാം. നമ്മുടെ ഉള്ളിലുള്ള പിതാവിന്റെ ജീവനാലും പ്രകൃതത്താലും അത് നമുക്ക് അറിയുവാൻ കഴിയും. ദൈവത്തിന്റെ പ്രകൃതം എപ്പോഴും "അതെ" എന്നോ "അല്ല" എന്നോ നമ്മോടു പറയും. ദിവ്യപ്രകൃതത്തിനനുസരിച്ചും ഞെരുക്കമുള്ള വരകൾക്കുള്ളിലും നിങ്ങൾ ഓടിക്കൊണ്ടിരിക്കുന്നുവെങ്കിൽ, "അതെ, നീ നേരായ പാതയിലാണ്, മുന്നോട്ടു പോകുക" എന്ന് ദിവ്യപ്രകൃതം ചൂണ്ടിക്കാണിക്കും. എന്നാൽ നിങ്ങൾ ദിവ്യപ്രകൃതത്തിനനുസരിച്ച് ഓടാതിരിക്കുകയോ വരകൾക്ക് പുറത്ത് ചുവടു വയ്ക്കുകയോ ചെയ്യുന്നുവെങ്കിൽ, ദിവ്യപ്രകൃതം പറയും, "ഈ വഴയിൽ പോകരുത്." എന്തു ചെയ്യണമെന്ന് ആരും നിങ്ങളോട് പറയേണ്ട ആവശ്യമില്ല; കാരണം, നിയന്ത്രിക്കുന്നതും ഞെരുക്കുന്നതുമായ ദിവ്യപ്രകൃതം നിങ്ങളുടെ ഉള്ളിൽ ഉണ്ട്. നിങ്ങൾ എവിടെയാണെന്ന് ഈ പ്രകൃതം നിങ്ങളോടു പറയുന്നു. ഓട്ടമത്സരത്തിലെ ഓട്ടക്കാരന് വരകൾ കാണുവാൻ കഴിയുന്നതുകൊണ്ട് അവൻ അതിർത്തികൾക്കുള്ളിലാണോ അല്ലയോ എന്ന് പറയുവാൻ അവന് ആരുടെയും ആവശ്യമില്ല. ഇതുപോലെ, നമ്മുടെ ഉള്ളിൽ നമുക്ക് ഞെരുക്കുന്ന വരകൾ, ദിവ്യജീവന്റെയും ദിവ്യപ്രകൃത്തിന്റെയും വരകൾ ഉണ്ട്; അങ്ങനെ നാം എവിടെയാണെന്ന് നമുക്കു പറയുവാൻ കഴിയും. നമ്മുടെ ഉള്ളിലുള്ള ദിവ്യപ്രകൃതത്തിനനുസരിച്ച്, നമ്മുടെ യോഗങ്ങളിൽ റോക്ക് മ്യൂസിക്ക് ഉപയോഗിക്കുവാൻ നമുക്ക് കഴിയുകയില്ല. വിവിധ ലോകപരമായ രീതികൾ നിങ്ങൾ ശ്രമിച്ചേക്കാമെങ്കിലും, ദിവ്യപ്രകൃതം അവയോടെല്ലാം വിയോജിക്കുകയും നിങ്ങൾ വരകൾ അതിക്രമിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യും. രാജ്യജനമായ എല്ലാവർക്കും,

പിതാവാനാൽ വീണ്ടുംജനിപ്പിക്കപ്പെട്ടവരായ എല്ലാവർക്കും അവരുടെ ഉള്ളിൽ അവന്റെ ജീവനും പ്രകൃതവും ഉണ്ട്. നാം ഞെരുക്കമുള്ള വഴിയിലാണോ അല്ലയോ എന്ന് പിതാവിന്റെ ജീവനും പ്രകൃതവും ചൂണ്ടിക്കാണിക്കുന്നു. നമുക്കെല്ലാവർക്കും പിതാവിന്റെ പ്രകൃതത്തിനനുസരിച്ച് ഓട്ടം ഓടാം (Life-study of Matthew, pp. 285-288)